ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)
(കേരള സർക്കാർ സ്ഥാപിതം- പട്ടികജാതി വികസന വകുപ്പിന് കീഴിൽ)
ഗ്രൗണ്ട് ഫ്ളോർ, അംബേദ്കർ ഭവൻ, ഗവ.പ്രസ്സിന് സമീപം, മണ്ണന്തല,
തിരുവനന്തപുരം-695015 ഫോൺ നമ്പർ - 0471 2533272
വെബ്സൈറ്റ് **www.icsets.org** ഇ-മെയിൽ: **icsets@gmail.com**

---

# വിജ്ഞാപനം

## പട്ടികജാതി -വർഗ്ഗ വിഭാഗം യുവതീ യുവാക്കൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി നടത്തുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി-വർഗ്ഗ വിഭാഗ യുവതീ യുവാക്കൾക്ക് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നു. സർക്കാർ സ്ഥാപിത മായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേനയാണ് സ്കോളർഷിപ്പ് ലഭ്യമാക്കുന്നത്. സിവിൽ സർവ്വീസ് അക്കാദമി നടത്തുന്ന പ്രവേശന പരീക്ഷയിൽ വിജയിച്ച് അക്കാദമിയുടെ തിരു വനന്തപുരം, പൊന്നാനി, പാലക്കാട്, കോഴിക്കോട്, കേന്ദ്രങ്ങളിൽ പൂർണ്ണ സമയ പരിശീലന കോഴ്സിന് പ്രവേശനം ലഭിക്കുന്ന 21 നും 37 നും മദ്ധ്യേ പ്രായമുള്ള പട്ടികജാതി -വർഗ്ഗ വിഭാഗ യുവതീ യുവാക്കൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. സ്ഥാപനത്തിൽ നൽകേണ്ട പരിശീലന ഫീസും, പരിശീലന കാലയളവിലേയ്ക്ക് പ്രതി മാസം 5000/- രൂപ ഹോസ്റ്റൽ ഫീസായും, 1000/- രൂപ പോക്കറ്റ് മണിയായും ലഭി ക്കുന്നതാണ്. 96 പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കും 24 പട്ടിക വർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കുമായി ആകെ 120 പേർക്കാണ് സ്കോളർഷിപ്പ് ലഭ്യമാകുക. സ്കോളർഷിപ്പിന് അർഹത നേടുന്നവർ ബന്ധപ്പെട്ട സ്ഥാപന മേധാവി വഴി തിരുവനന്ത പുരം മണ്ണന്തല പ്രവർത്തിക്കുന്ന ഐ.സി.എസ്.ഇ.റ്റി.എസ്. ന്റെ ഓഫീസുമായി ബന്ധ പ്പെടേണ്ടതാണ്.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവേശന പരീക്ഷക്ക് www.ccek.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നൽകേണ്ട അവസാന തീയതി 26.05.2018.

കൂടുതൽ വിവരങ്ങൾക്ക് **www.icsets.org**, www.scdd.gov.in, www.stdd.gov.in എന്നീ വെബ്സൈറ്റുകൾ കാണുകയോ, തിരുവനന്തപുരം മണ്ണന്തലയുള്ള ഐ.സി.എസ്. ഇ.റ്റി.എസ്. ന്റെ ഓഫീസുമായോ, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, ITDP പ്രോജക്ട് ഓഫീസുകൾ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

ഒപ്പ്/-

തിരുവനന്തപുരം
17.05.2018

പ്രിൻസിപ്പൽ